പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5228 27.06.2019 ൽ മറുപടിയ്ക്ക്

ശബരി ബ്രാന്റ് ഉത്പന്നങ്ങളുടെ ഗുണനിലവാരം

ചോദ്യം
ശ്രീ.എം. സ്വരാജ്

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരി ബ്രാന്റ് ഉല്പന്നങ്ങൾ സിവിൽ സപ്ലൈസ് വകുപ്പ് നേരിട്ട് ഉത്പാദിപ്പിക്കുന്ന വയാണോ എന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ; | (എ) | ശബരി ബ്രാൻഡിൽ വിൽക്കുന്ന ഉൽപ്പന്നങ്ങളിൽ തേയില മാത്രം സപ്ലൈകോ നേരിട്ട് വാങ്ങുന്നു. ഇത് സപ്ലൈകോയുടെ ഗോഡൗണിലുള്ള ബ്ലെൻഡിങ് യൂണിറ്റിൽ ബ്ലെൻഡ് ചെയ്ത് സപ്ലൈകോ തന്നെ പായ്ക്ക് ചെയ്ത് സപ്ലൈകോയുടെ വിൽപ്പന ശാലകളിലൂടെയും, സ്വകാര്യ വിതരണക്കാരിലൂടെയും വിൽപ്പന നടത്തി വരുന്നു. എന്നാൽ മറ്റ് ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങളായ കാപ്പി, അരിപ്പൊടി, ഉപ്പ്, സോപ്പ്, ഏലം, വെളിച്ചെണ്ണ, കറിപൗഡർ, മസാലപൗഡർ, പുളി, കായം, നോട്ട്ബുക്ക് എന്നിവ ടെൻഡർ മുഖാന്തിരം തിരഞ്ഞെടുത്ത വിതരണക്കാരിൽ നിന്നും വാങ്ങി സപ്ലൈകോയുടെ വിൽപ്പന ശാലകളിലൂടെ വിൽക്കുന്നു. |
| (ബി) | പ്രസ്തുത ഉത്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഇവയെക്കുറിച്ച് പൊതുജനങ്ങൾക്ക് അറിവ് നൽകുന്നതിനുമായി നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) യും (സി) യും | ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി കരാറുകാരുടെ ഉൽപ്പാദന കേന്ദ്രങ്ങളിൽ ഗുണ നിലവാര പരിശോധന നടത്തുന്നു. ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനു മുൻപായി NABL (National Accreditation Board for Testing and Calibration Laboratories) അംഗീകാരമുള്ള ലബോറട്ടറികളിൽ എല്ലാ മാസവും ഗുണനിലവാര പരിശോധന നടത്തുകയും സാധനങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് കോന്നിയിലുള്ള CFRD ലാബിൽ പരിശോധിക്കുകയും ചെയ്യുന്നുണ്ട്. നിലവാരം പൊതുജനങ്ങളെ അറിയിക്കുന്നതിനായി FSSAI/ISO/AGMARK തുടങ്ങിയ ഗവൺമെൻറ് അംഗീകൃത ഗുണനിലവാര മാനദണ്ഡങ്ങളുടെ വിവരങ്ങൾ പാക്കറ്റുകളിൽ മുദ്രണം ചെയ്തിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ